# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4239 — 13.12.2018 ൽ മറുപടിക്ക്

## ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന തേൻ സംഭരണ കേന്ദ്രത്തിൽ തേനീച്ച കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ; | (എ) തേനീച്ച കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2017 മുതൽ തേൻ കലവറ പദ്ധതി പ്രകാരം തേനീച്ച വളർത്തലിൽ താല്പര്യമുള്ള വ്യക്തികൾക്ക് തേനീച്ച പരിശീലനവും 50% സബ്സിഡിയോടു കൂടി തേനിച്ചയും കൂടും, 3000 പേർക്ക് നൽകിയിട്ടുണ്ട്. കൂടാതെ 5 ദിവസത്തെ സമ്മർ ക്ലാസ്സുകളും കർഷകർക്ക് നൽകിയിട്ടുണ്ട്. |
| (ബി) ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന തേൻ സംഭരണ കേന്ദ്രം യും ആധുനികവൽക്കരിക്കുന്നതിനും തേനീച്ച കർഷകർക്ക് പ്രോൽസാഹനം യും നൽകുന്നതിനുമുള്ള എന്തെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ;<br>(സി) ബാലുശ്ശേരിയിലെ തേൻ സംഭരണ കേന്ദ്രം നവീകരിക്കുന്നതിന് കഴിഞ്ഞ വർഷം ബജറ്റിലൂടെ എത്ര ലക്ഷം രൂപയാണ് അനുവദിച്ചതെന്നും പ്രസ്തുത തുക വിനിയോഗിച്ച് നവീകരണം നടത്തുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ? | (ബി) (സി) ബാലുശ്ശേരിയിൽ പ്രവർത്തിച്ച് വരുന്ന തേൻ സംഭരണകേന്ദ്രം ആധുനികവൽക്കരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ യന്ത്രവത്ക്കരണം വഴി തേൻ സംസ്കരണം വർദ്ധിപ്പിക്കുന്നതിന് 71 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല. തുക ലഭ്യമാകുന്ന മുറക്ക് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ